## ഗവ. എൽ. പി. ജി സ്കൂൾ തോട്ടയ്ക്കാട്

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26.

### ആമുഖം

1921 ൽ തോട്ടയ്ക്കാട് സെന്റ് ജോർജ്ജ് കാത്തലിക് പള്ളിയുടെ ഉടമസ്ഥതയിലാണ് ഈ സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. കോട്ടയം ജില്ലയിലെ വാകത്താനം പഞ്ചായത്തിൽ ഒന്നാം വാർഡിൽ, കോട്ടയം കറുകച്ചാൽ റൂട്ടിൽ റോഡിനോട് ചേർന്നാണ് ഈ സ്കൂൾ സ്ഥിതിചെയ്യുന്നത്.

1942ൽ 30 സെന്റ് സ്ഥലവും, 1961ൽ 20 സെന്റ് സ്ഥലവും, തിരുവിതാംകൂർ ഗവൺമെന്റ് ഏറ്റെടുത്തതിന്റെ ഗസറ്റ് വിജ്ഞാപനമുണ്ട്. ഇതിൽനിന്നും 1942 നു മുൻപുതന്നെ ഈ സ്കൂൾ ഗവൺമെന്റ് ഉടമസ്ഥതയിലായിരുന്നുവെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. ഗവ. എൽ. പി. ജി സ്കൂൾ എന്ന പേര് ആണെങ്കിലും ആൺകുട്ടികളും ഇവിടെ പഠിക്കുന്നുണ്ട്. 1961 വരെ ഓല മെടച്ചിലിലാണ് സ്കൂൾ പ്രവർത്തിച്ചിരുന്നത്. പ്രഗത്ഭരും പ്രമുഖരുമായിട്ടുള്ള പലരും അധ്യയനം നടത്തിയിട്ടുള്ള ഒരു സ്കൂളാണ് ഇത്.

ഈ വിദ്യാലയം ഒരു കാലഘട്ടത്തിൽ ഈ പ്രദേശത്തിന്റെ ഏകാശ്രയമായിരുന്നു.

മുൻ വർഷങ്ങളിൽ L.S.S കലോത്സവം മികവ്, ഗണിതം, മധുരം, തുടങ്ങിയ മേഖലകളിൽ വിജയം കരസ്ഥമാക്കിയിട്ടുണ്ട്.

ഹെഡ്മിസ്ട്രസ് ഉൾപ്പെടെ നാല് അധ്യാപകരാണ് ഇവിടെ ഇപ്പോൾ സേവനം അനുഷ്ഠിക്കുന്നത്. പാർട്ട്-ടൈം മീനിയലും ഇവിടെ സേവനമനുഷ്ഠിക്കുന്നു. നല്ല സഹകരണത്തോടെ പ്രവർത്തിക്കുന്ന P.T.A യും MPTA യും ആണ് ഇവിടെയുള്ളത്.

ഗ്രാമപഞ്ചായത്തിന്റെയും, SSK യുടെയും സഹായത്തോടെ, സ്കൂളിന്റെ ആരോഗ്യകരമായ പ്രവർത്തനങ്ങൾക്ക് ഉതകുന്ന ഭൗതികസാഹചര്യങ്ങൾ ഒരുക്കാൻ കഴിഞ്ഞിട്ടുണ്ട്.

13 ആൺകുട്ടികളും 9 പെൺകുട്ടികളും ഉൾപ്പെടെ ആകെ 22 കുട്ടികൾ ഇവിടെ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നു. PTA യുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറിയും ഇവിടെ പ്രവർത്തിച്ചുവരുന്നു.

# ഭാഷ

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | ① ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ | സെപ്തംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC സ്കൂൾ വികസന സമിതി | SMC |
| | ② അമ്മ പറയട്ടെ അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ ഡിസംബർ ജനുവരിമാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ SRG മദർ പി.ടി.എ | മദർ പി.ടി.എ |

മേഖല : അക്കാദമികം ഇംഗ്ലീഷ്

ഉപമേഖല ഇംഗ്ലീഷ് ക്ലാസ്-1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമ പ്രദർശനം | മാസത്തിൽ ഒന്ന് | SRG | SSA |
| | | ആഴ്ചയിൽ ഒന്ന് | class teacher | |

# ഗണിതം

മേഖല - അക്കാദമികം
ഉപമേഖല - ഗണിതം
ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ① ഗണിത മാഗസിൻ<br>② ജ്യാമിതിയ രൂപങ്ങളുടെ നിർമ്മാണം ഏകദിന ക്യാമ്പ്<br>③ ഗണിത ക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളികളിലൂടെ | ജൂൺ-മാർച്ച്<br>സെപ്തംബർ<br>മാസത്തിൽ ഒന്ന് വീതം | പി.ടി.എ<br>ക്ലാസ് ടീച്ചർ<br>SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം
ഉപമേഖല - പരിസരപഠനം
ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാരശീലങ്ങളും ഭക്ഷണവസ്തുക്കളുടെ പ്രത്യേകതയും തിരിച്ചറിവ് | ഭക്ഷ്യമേള പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ - ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br>SRG<br>SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധ തോട്ടം ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | SRG<br>SMC | |

ഗവ. എൽ. പി. ജി. എസ് തോട്ടയ്ക്കാട്
അക്കാദമിക മാസ്റ്റർ പ്ലാൻ STD II 2025-26
പ്രവർത്തന കലണ്ടർ

| പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|
| പ്രത്യേക പ്രവർത്തന പാഠങ്ങൾ | ജൂൺ 3 to ജൂൺ 13/2025 |
| മലയാള മധുരം | ജൂൺ 2025 to മാർച്ച് 26 |
| പാട്ടരങ്ങ് | ജൂൺ 2025 to മാർച്ച് 26 |
| റീഡേഴ്സ് തിയേറ്റർ | ജൂലൈ 25 - മാർച്ച് 2026 |
| ക്ലാസ്സ് പത്രം | ഓഗസ്റ്റ് 25 - മാർച്ച് 2026 |
| രചനോത്സവം | 2025 ഓഗസ്റ്റ് - 2026 ഫെബ്രുവരി (മാസംതോറും) |
| ഭാഷോത്സവം | ജനുവരി 2026 |
| ഗണിതം വർക്ക്ഷോപ്പ് | ജൂൺ 25 മാർച്ച് 2026 |
| Hello English adaptation | ജൂൺ 2025 - മാർച്ച് 2026 |
| ബാലസഭ | എല്ലാ വെള്ളിയാഴ്ചയും |
| സംയുക്ത ഡയറി | ജൂൺ 25 to മാർച്ച് 2026 |

ചുമതല - ക്ലാസ്സ് ടീച്ചർ H.M

സാമ്പത്തികം - S.S.K. PTA

## മലയാള മധുരം

ഈ അക്കാദമിക വർഷത്തിൽ ഓരോ കുട്ടിയെ കൊണ്ട് പരമാവധി ലൈബ്രറി പുസ്തകങ്ങൾ വായിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെടുന്ന പദ്ധതി

### ലക്ഷ്യ പ്രസ്താവനകൾ

- സ്വന്തമായി വായിക്കാൻ താൽപര്യം ജനിക്കുന്നു
- സ്വന്തം വായനകളുടെ അറിവിന്റെ മേഖല വിപുലമാകുന്നു
- ഭാഷാശേഷി വികസിക്കുന്നു.
- വായനാക്കുറിപ്പുകൾ തയാറാക്കുന്നതിലൂടെ ലേഖനത്തിലും വൈദഗ്ധ്യം ഉണ്ടാകുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

- ക്ലാസ്സ് ലൈബ്രറിയും സ്കൂൾ ലൈബ്രറിയും സജ്ജീകരിക്കൽ
- രജിസ്റ്ററുകളിൽ രേഖപ്പെടുത്തി കുട്ടികൾക്ക് പുസ്തകം നൽകുന്നു.
- വായനക്ക് ശേഷം വായനാക്കുറിപ്പുകൾ അസംബ്ലിയിൽ അവതരിപ്പിക്കൽ
- ക്ലാസ്സ് പി.ടി.എ.യിൽ അവതരിപ്പിച്ച് രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ

### പാഠഭാഗം

ഭാഷാപഠനത്തിൽ ആസ്വാദനത്തിന് വളരെയധികം പ്രാധാന്യമുണ്ട്. പാഠഭാഗത്തിലെ കവിതകൾ കൂടാതെ സമാനകവിതകൾ കണ്ടെത്തി ഈണത്തിലും താളത്തിലും ഒറ്റക്കും സംഘമായും അവതരിപ്പിക്കാൻ കഴിയണം.

### ലക്ഷ്യ പ്രസ്താവനകൾ

- താളം മനസ്സിലാക്കി പാഠഭാഗത്തിലെയും മറ്റ് സമാനകവിതകളും ഈണം നൽകി അവതരിപ്പിക്കുന്നു.

• കുട്ടിക്കവിതകൾ വായിച്ച് ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു.

• ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

•

## പ്രവർത്തന ഘട്ടങ്ങൾ

• SRG യിൽ അവതരിപ്പിക്കുന്നു
• ക്ലാസ്സ് പി.ടി.എയിൽ അവതരിപ്പിക്കുന്നു.
• തുടർ പാഠഭാഗങ്ങളുടെ ഭാഗമായി പാട്ടുകൾ അവതരിപ്പിക്കൽ. വീഡിയോ ഡോക്യുമെന്റ് ചെയ്യൽ
• ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുകൾ അവതരിപ്പിക്കൽ

## റീഡേഴ്സ് തീയേറ്റർ

ലഘുവിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ എന്നിവ ഭാവാത്മകമായി അഭിനയം ഉൾക്കൊണ്ട് വായിക്കാൻ കഴിയണം.

## ലക്ഷ്യപ്രസ്താവനകൾ

• രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തീയേറ്റർ പ്രവർത്തനത്തിൽ പങ്കെടുക്കുന്നു
• രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു
• പാഠപുസ്തകങ്ങളിലെയും ലഘുബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തീയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു

പ്രവർത്തന ഘട്ടങ്ങൾ

• SRG യിൽ ആശയം പങ്കിടൽ
• ക്ലാസ്സ് PTA യിൽ റീഡേഴ്സ് തീയേറ്റർ ആശയം പങ്കിടുകയും പിന്തുണ ഉറപ്പ് വരുത്തുകയും.
• എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ റീഡേഴ്സ് തീയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കൽ

## ക്ലാസ്സ് പത്രം

ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രം. തങ്ങൾ കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നു. പത്രത്തിന്റെ ഘടന മനസ്സിലാക്കാനും കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താനും സാധിക്കുന്നു.

### ലക്ഷ്യ പ്രസ്താവനകൾ

- ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും രസകരവുമായി അവതരിപ്പിക്കുന്നു.
- രചനാശേഷി പരിപോഷിപ്പിക്കുന്നു.
- സ്കൂളിലെ ദൈനംദിന പ്രവർത്തനങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ അറിവ് നേടുന്നു.

പ്രവർത്തന ഘട്ടങ്ങൾ

- ടീച്ചർ അവതരണം (ഇന്നലെ അവലോകനം)
- ക്ലാസ്സ് പി.ടി.എ.യിൽ അവതരണം
- അസംബ്ലിയിൽ അവതരണം
- ആഴ്ചയിലൊന്ന് തയാറാക്കുന്നു.
- വിശേഷാവസരങ്ങളിൽ വിശേഷാൽ പത്രം
- സമാഹാരത്തിന് ജൂണിൽ (ഫെബ്രുവരി)

### രചനോത്സവം

ലഘു വ്യവഹാരരൂപങ്ങൾ - കഥ, കവിത, ഡയറി, ക്ഷണക്കത്ത്, സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാര രൂപങ്ങളാണ് അവതരിപ്പിക്കേണ്ടത്. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക.

ലക്ഷ്യപ്രസ്താവന

- എല്ലാ കുട്ടികളും രചനാപ്രവർത്തനത്തിൽ മികവ് പുലർത്തുന്നു.

• രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യമാർന്ന പഠ
നങ്ങളും ഉപയോഗപ്പെടുത്തുന്നു.
• തുടർന്നുള്ള ഇടവേളകളിൽ ക്ലാസ്സ് തല പ്രവർത്തന
ങ്ങൾ സംഘടിപ്പിക്കുന്നു.

[illegible]

• എല്ലാ കുട്ടികളും രചനാപ്രവർത്തനങ്ങളിൽ
മികവ് പുലർത്തുന്നു.

പ്രവർത്തന ഘട്ടങ്ങൾ

• SRG യിൽ അവതരണം
• CPTA യിൽ അവതരണം
• [illegible] രചനോത്സവം (ആഗസ്റ്റ് - സെപ്റ്റംബർ)

ഭാഷോത്സവം

രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര
വായനക്കാരും എഴുത്തുകാരുമാക്കി മാറ്റുകയാണ് ലക്ഷ്യം.
കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുമ്പിൽ
പ്രദർശിപ്പിക്കുന്നു

ലക്ഷ്യ പ്രസ്താവനകൾ

• ആസ്വാദനത്തോടെ സ്വതന്ത്രമായി വായിക്കു
ന്നതിനുള്ള അവസരം
• കുട്ടികളുടെ സ്വതന്ത്ര രചനകൾക്ക് സാധ്യത.

പ്രവർത്തന ഘട്ടങ്ങൾ

• SRG യിൽ തീരുമാനം
• പി.ടി.എ. യുടെ പിന്തുണ
• മികവുകൾ ലിസ്റ്റ് ചെയ്യൽ
• ജനപ്രതിനിധികളുടെ സാന്നിധ്യം.

ഗണിതം വർക്ക് ബുക്ക്

ലക്ഷ്യ പ്രസ്താവന

• ഗണിതം ലളിതവും ആസ്വാദ്യകരവുമാക്കൽ
• പ്രായോഗിക ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെടുത്തി
ചെയ്യുന്നു

പ്രവർത്തന ഘട്ടങ്ങൾ

• SRG യിൽ ചർച്ച തീരുമാനങ്ങളും

- സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം ഇവ പസ്സിലായ രീതിയിൽ അവതരിപ്പിക്കൽ
- ഉപകരണങ്ങൾ നിർമ്മിക്കൽ അവ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കൽ, മാതൃക നിർമ്മിക്കൽ
- വ്യവകലനത്തിന്റെ അടിസ്ഥാന വസ്തുതകൾ മനസ്സിലാക്കൽ

## Hello English adaptation

### ലക്ഷ്യപ്രസ്താവനകൾ

- ഭാഷയ്ക്കൊപ്പം തന്നെ ഇംഗ്ലീഷ് ഭാഷയ്ക്കും പ്രാധാന്യം നൽകുക.
- ക്ലാസ്സ്‌റൂം പ്രവർത്തനങ്ങളിൽ communicative English ന് പ്രാധാന്യം നൽകുക
- മടി കൂടാതെ English സംസാരിക്കുവാൻ പിന്തുണ നൽകുക.

പ്രവർത്തന ഘട്ടങ്ങൾ

- SRG യിൽ അവതരിപ്പിക്കൽ ചർച്ച
- ക്ലാസ്സ്‌മുറിയിലെ അവതരണം
- അസംബ്ലിയിൽ അവതരിപ്പിക്കൽ
- ചൊവ്വ, വ്യാഴം ഇംഗ്ലീഷ് അസംബ്ലി

### ബാലസഭ

എല്ലാ വെള്ളിയാഴ്ചയും നടന്നുവരുന്നു. ക്ലാസ്സ്‌റൂം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് role play skit, poem, mime, speech etc മലയാളത്തിലും ഇംഗ്ലീഷിലും അവതരിപ്പിക്കാൻ അവസരം.

### സംയുക്ത ഡയറി

ക്ലാസ്സ്‌റൂം പ്രവർത്തനങ്ങളും ദൈനംദിന അനുഭവങ്ങളും ആശയങ്ങളും ഉൾക്കൊണ്ട് എഴുതാൻ കഴിയുന്നു - ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികാസത്തിന് സാധിക്കുന്നു.

# STD III

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| വായന<br>മലയാളം തെറ്റു കൂടാതെയും അക്ഷര സ്ഫുടതയോടെയും വായിക്കുക | പ്രീടെസ്റ്റ്<br>ക്ലാസ് ലൈബ്രറി വികസനം<br>വായനക്കുറിപ്പുകൾ | ജൂൺ<br>വർഷം മുഴുവൻ |
| ലേഖനം<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കുവാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുക. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട രചനകൾ<br>പരിസ്ഥിതി ദിനം, വായനാദിനം<br>ലഹരിവിരുദ്ധദിനം | ജൂൺ<br>ജൂലൈ. |
| അക്ഷരത്തെറ്റുകളില്ലാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ | ആഗസ്റ്റ് 6- ഹിരോഷിമദിനം<br>poster തയ്യാറാക്കൽ<br>നാഗസാക്കി ദിനം<br>സ്വാതന്ത്ര്യദിനം - പോസ്റ്റർ<br>സെപ്റ്റംബർ 5 അധ്യാപകദിനം<br>പഴയകാല അധ്യാപകരുമായി അഭിമുഖം.<br>ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 തപാൽദിനം<br>കൂട്ടുകാരിക്കൊരു കത്ത്<br>നവംബർ 1- കേരളപ്പിറവി<br>പ്രസംഗ<br>നവംബർ 14 - ശിശുദിനം. | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ |
| സർഗാത്മക പ്രകടനം. | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി- അസംബ്ലി<br>- CPTA | അധ്യയനവർഷം മുഴുവൻ |

## ENGLISH

| AIM | ACTIVITIES | DURATION. |
|---|---|---|
| To study alphabets | - Pre-Test<br>- Write simple words | June - July. |
| To study write and read simple words | Circle the word from TB and read. | August-september. |
| Create more opportunities for English speaking in the class room | class room communication should be in English. Uses simple questions, and instructions in the classroom. | Academic year |
| Writing simple sentences and paragraphs | Writes picture discriptions, simple conversations | Academic year. |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | സമയം. |
|---|---|---|
| ചതുരം, വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | Pre-Test<br>ഈർക്കിൽ, കമ്പുകൾ വള ഇവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമിക്കുന്നു.<br>ഈ രൂപങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ തയ്യാറാക്കുന്നു | ജൂൺ<br>ജൂൺ ജൂലൈ. |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാ പാറ്റേണുകൾ<br>- നാണയങ്ങൾ, കളിനോട്ടുകൾ<br>- പാറ്റേണുകൾ | ആഗസ്റ്റ്. |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ. |
| സങ്കലന – വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | മന: കണക്കുകൾ<br>നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | October-<br>November. |
| ഗുണന വസ്തുതകൾ നേടൽ | മനക്കണക്കുകൾ<br>മഞ്ചാടി കളി | December<br>January |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | | Feb<br>March |

EVS

| ലക്ഷ്യം | പ്രവർത്തനം | സമയം |
|---|---|---|
| നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് കുട്ടികളിൽ നല്ലബോധം ഉണ്ടാക്കുക, ജൈവവൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം | ജൂൺ<br>ജൂലൈ |
| പ്രകൃതി സംരക്ഷണം | , മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ posters<br>. മഴക്കുഴി നിർമ്മാണം<br>വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനയ്ക്ക് കൈമാറൽ | |
| വ്യക്തി ശുചിത്വം | കൈ കഴുകൽ - പരിശീലനം<br>poster making<br>ശുചിത്വസന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | September<br>October |

8th IV

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വായനാശേഷി വളർത്തൽ | ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം. വായനക്കുറിപ്പ്. | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ. |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽനിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ. | ക്ലാസ്ടീച്ചർ |
| വിവരണം, വായനക്കുറിപ്പ് തയ്യാറാക്കൽ | വിവിധ വായനാ സാമഗ്രികൾ നൽകി സ്വന്തം ഭാഷയിൽ എഴുതാൻ പരിശീലനം | വർഷം മുഴുവൻ | |
| അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | വായനക്കാർഡുകൾ, വാക്യങ്ങൾ എന്നിവ എഴുതൽ. | വർഷം മുഴുവൻ. | Class Tr. |

## English

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല. |
|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും, സംസാരിക്കാനും, എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | 7 B വായിപ്പിക്കൽ reading cards വായന. English assembly in a week. | വർഷം മുഴുവൻ | Class teacher. |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | ഡയറി എഴുത്ത്. | Once in a week. | Class Tr. |
| സർഗാത്മകതാ പരിപോഷണം. | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളായി അവതരിപ്പിക്കൽ (conversation, story telling) | Once in a month. | Class Tr. |
| ഇംഗ്ലീഷ് കൈയെഴുത്ത്. | കൈയെഴുത്ത് പുസ്തകം എഴുതിക്കൽ | Daily | |
| ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള ആത്മവിശ്വാസം. | വായനാ മത്സരം. Spoken English ക്ലാസുകൾ. | Once in a week. | |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രം | | | |
| ശാസ്ത്രപഠനം ലളിതവും, രസകരവുമാക്കൽ. | ശാസ്ത്രപഠനത്തിനാവശ്യമുള്ള സാധനങ്ങൾ ഒരുക്കൽ. | വർഷം മുഴുവൻ. | ക്ലാസ്ടീച്ചർ. |
| | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ ശേഖരിക്കൽ. | ആവശ്യാനുസരണം | Class Tr. |
| ശാസ്ത്രോത്സവം | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം. - ഇവ ചെയ്യുന്നത്. | ആവശ്യാനുസരണം | Class Tr. |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ. | വിവിധ കളികളിലൂടെ സങ്കലനം, വ്യവകലനം ഉറപ്പിക്കൽ. ചാർട്ടുകളുടെ സഹായത്താൽ ഗുണനം, ഹരണം ഉറപ്പിക്കൽ. | വർഷം മുഴുവൻ. | Clas Tr. |
| ഗണിതപദങ്ങളുടെ മൂല്യം തിരിച്ചറിയൽ. | ഗണിത ചുമർ ഒരുക്കൽ | വർഷം മുഴുവൻ. | Class Tr. |
| ഗണിതശേഷികളുടെ പ്രകടനം | മനക്കണക്ക്<br>പസിൽ<br>പ്രശ്നോത്തരി.<br>പാറ്റേൺ. | ആവശ്യാനുസരണം. | Class Tr. |